പതിനാലാം കേരളനിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1072 05/03/2020 മറുപടിയ്ക്ക്

## സ്കൂൾ കുട്ടികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കുവാൻ സർക്കുലർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കുവാൻ സർക്കുലർ പുറപ്പെടുവിച്ചുവെങ്കിലും അത് പല സ്കൂളുകളിലും നടപ്പിലാക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) സർക്കുലർ പുറപ്പെടുവിക്കുകയും നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുവാൻ ഓർമ്മ കുറിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) സർക്കാർ ഉത്തരവ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) ഉണ്ട്. സ്കൂൾ കുട്ടികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കുവാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് നിർദേശം നൽകണമെന്നാവശ്യപ്പെട്ട് ഡോ. ജോൺ സിറിയക് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള wp(c)no. 35193/2018 നമ്പർ കേസ് കോടതി പരിഗണിക്കുകയും സ്കൂൾ ബാഗുകളുടെ ഭാരം ലഘൂകരിക്കുന്നതിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കൂടാതെ സി.ബി.എസ്.ഇ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് എല്ലാ സ്കൂളുകളും പാലിക്കുന്നുണ്ടെന്ന് കേന്ദ്ര/സംസ്ഥാന സർക്കാരുകളും സി.ബി.എസ്.ഇ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ അധികാരികളും ഉറപ്പു വരുത്തേണ്ടതാണെന്നും, ആയതിനായി സ്കൂളുകളിൽ കാലാനുസൃതമായി ഇൻസ്പെക്ഷനുകൾ നടത്തേണ്ടതാണെന്നും ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |
| (സി) സ്കൂൾ ബാഗിന്റെ അമിത ഭാരം കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുമെന്നതിനാൽ കോടതി നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുമോ; വിശദമാക്കാമോ? | (സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ